## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 5829 — 30.07. 2015 ൽ മറുപടിക്ക്

### വൈദ്യുതി ബോർഡിന്റെ ആധുനികവൽക്കരണം

ചോദ്യം — ഉത്തരം

ശ്രീ. എ.കെ.ബാലൻ — ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതി ബോർഡിനെ ആധുനികവൽക്കരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് റെഗുലേറ്ററി കമ്മീഷൻ നല്കിയിട്ടുള്ളത് ; വിശദാംശങ്ങൾ നൽകമോ; | (എ) കാലാകാലങ്ങളിൽ, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി ബോർഡിന്റെ ARR & ERC പെറ്റീഷൻ മേൽ (വരവു ചെലവു കണക്കുകൾ) തീർപ്പുകൽപ്പിച്ച് ഉത്തരവുകൾ പുറപ്പെടുവിക്കുമ്പോൾ, വൈദ്യുതി ബോർഡിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും, ചെലവുകൾ കുറയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകാറുണ്ട്. 2014-15 വർഷത്തെ ARR & ERC പെറ്റീഷന്റെ ഉത്തരവിൽ താഴെ പറയുന്ന നിർദ്ദേശങ്ങളാണ് റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി ബോർഡിന് നൽകിയിട്ടുള്ളത്.<br>I. വൈദ്യുതി വ്യാപാരികളിൽ നിന്നും എനർജി എക്സ്ചേഞ്ചുകളിൽ നിന്നും വൈദ്യുതി ബോർഡ് വാങ്ങുന്ന വൈദ്യുതിയുടെ വാങ്ങൽ വില 5 രൂപയായി പരിമിതപ്പെടുത്തുക.<br>II. ദീർഘകാലാടിസ്ഥാനത്തിൽ, വൈദ്യുതിയുടെ ആവശ്യകതയിലുള്ള കുറവ് കണ്ടെത്തി, അത് നികത്തുന്നതിന്, മത്സരാധിഷ്ഠിത ടെണ്ടർ മുഖേന ദീർഘകാലാടിസ്ഥാനത്തിൽ വൈദ്യുതി വാങ്ങൽ കരാറിലേർപ്പെടുക.<br>III. ഇന്ധന സർചാർജ്ജിന്മേലുള്ള പെറ്റീഷനുകൾ കമ്മീഷന്റെ അംഗീകാരത്തിനായി, സമയബന്ധിതമായി സമർപ്പിക്കുക.<br>IV. വൈദ്യുതി ബോർഡ് ജീവനക്കാരുടെ വർദ്ധിച്ചുവരുന്ന സേവന-വേതന ചെലവുകൾ, നിയന്ത്രിക്കുന്നതിനുള്ള നടപടികൾ, ജീവനക്കാരുടെ എണ്ണം ക്രമാതീതമായി വർദ്ധിപ്പിക്കാതെയും, |

നിലവിലുള്ള ആനുകൂല്യങ്ങൾ വെട്ടികുറയ്ക്കാതെയും, സ്വീകരിക്കുക.

ജീവനക്കാരെ ഉചിതമായ രീതിയിൽ പുനർവിന്യസിക്കുക, കമ്പ്യൂട്ടറൈസേഷൻ വിവിധ മേഖലകളിൽ ബാധകമാക്കിയും, മീറ്റർ റീഡർമാർക്ക് 'PDA' ലഭ്യമാക്കിയും, ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ ഡേറ്റാ എൻട്രി ജോലികൾക്ക് നിയോഗിച്ചിരുന്ന ജീവനക്കാരെ പുനർവിന്യസിക്കുക.

V. ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിന് പുറമേ നിന്നുള്ള ഒരു സ്വതന്ത്ര ഏജൻസിയെ നിയോഗിക്കുക. ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള ശുപാർശകളും വിവിധ മേഖലകളിൽ അധികമായി വരുന്ന ജീവനക്കാരെ പുനർവിന്യസിപ്പിക്കുന്നതിനുള്ള ശുപാർശകളും ശമ്പള പരിഷ്കരണ കമ്മിറ്റിയുടെ 'Terms of Reference' -ൽ ഉൾപ്പെടുത്തുക. കൂടാതെ വിവിധ മേഖലകളിലെ 'work norms' കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിന്റെ /നടപ്പിലാക്കിയതിന്റെ ഭാഗമായി പുനരവലോകനം ചെയ്യുക എന്നതും 'Terms of Reference' -ൽ ഉൾപ്പെടുത്തുക.

VI. നിലവിലുള്ള സാങ്കേതിക വിഭാഗം ജീവനക്കാരുടെ കഴിവുകളും സേവനവും വരുമാന യോഗ്യമായ പുറമേയുള്ള പദ്ധതികൾക്കും പരിപാടികൾക്കും വിദഗ്ധാഭിപ്രായം നൽകുന്നതിനും പുറം കരാറുകളുടെ നിർവ്വഹണത്തിനും ഉപയോഗപ്പെ

ടുത്തുവാനുള്ള സാധ്യതകൾ ആരായുക.

VII. കമ്പനിവൽക്കരണ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുക, പെൻഷൻ നൽകുന്നതിനുള്ള മാസ്റ്റർ ട്രസ്റ്റിന്റെ രൂപീകരണം, മുതലായവ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുക.

VIII. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്ന് (സൗരോർജ്ജ വൈദ്യുതി ഉൾപ്പെടെ) കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള Renewable Purchase

| | |
|---|---|
| | Obligation പ്രകാരമുള്ള വൈദ്യുതി കണ്ടെത്തുകയും, ഇതിന്റെ വിശദാംശങ്ങൾ കാലാകാലങ്ങളിൽ കമ്മീഷനു നൽകുകയും ചെയ്യുക<br>IX. റെഗുലേറ്ററി കമ്മീഷൻ അംഗീകരിക്കുന്ന വൈദ്യുതി ചാർജ്ജിന്മേൽ നൽകുന്ന വൈദ്യുതി സബ്സിഡി വൈദ്യുതി നിയമം - 2003 ലെ സെക്ഷൻ 65 പ്രകാരം ആയിരിക്കണമെന്നും, അല്ലാതെ അനുവദിക്കുന്ന സബ്സിഡി വൈദ്യുതി ബോർഡിന്റെ ബാധ്യതയായിരിക്കുമെന്നും ഇപ്രകാരമുള്ള സബ്സിഡി തുക, ഉപഭോക്താക്കളിൽ നിന്ന് ഈടാക്കാൻ കഴിയുകയില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) ഇതിൽ എതെല്ലാം നിർദ്ദേശങ്ങളാണ് ഇതിനകം നടപ്പിലാക്കിയത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;<br><br>(സി) ഏതെല്ലാം നിർദ്ദേശങ്ങളാണ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) & (സി)<br>കമ്മീഷന്റെ മേൽ സൂചിപ്പിച്ച നിർദ്ദേശങ്ങളിൻ മേൽ താഴെപ്പറയുന്ന നടപടികൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സ്വീകരിച്ചിട്ടുണ്ട്.<br>I. വൈദ്യുതി വ്യാപാരികളിൽ നിന്നും, പവർ എക്സ്ചേഞ്ചുകളിൽ നിന്നുമുള്ള ശരാശരി വൈദ്യുതി വാങ്ങൽ ചെലവ് 5 രൂപയിൽ താഴെയായി നിലനിർത്താൻ കഴിഞ്ഞിട്ടുണ്ട്.<br>II. ദീർഘകാലാടിസ്ഥാനത്തിൽ, സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകതയിലുള്ള കുറവ് കണ്ടെത്തി, 865 മെഗാവാട്ട് വൈദ്യുതി (315 മെഗാവാട്ട് വൈദ്യുതി 2015 ഡിസംബർ മുതൽ 25 വർഷത്തേക്കും, 550 മെഗാവാട്ട് വൈദ്യുതി 2017 ഒക്ടോബർ മുതൽ 25 വർഷത്തേക്കും) വാങ്ങുന്നതിന് മത്സരാധിഷ്ഠിത ടെണ്ടർ മുഖേന കരാറിലേർപ്പെട്ടിട്ടുണ്ട്.<br>III. ഇന്ധന സർചാർജ്ജ് റെഗുലേഷൻ, 2010 ന് വിധേയമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നിശ്ചിത സമയ പരിധിക്കുള്ളിൽ തന്നെ ഫ്യുവൽ സർചാർജ്ജ് പെറ്റീഷനുകൾ നൽകി വരുന്നു.<br>IV. ജീവനക്കാരുടെ പുനർവിന്യാസം, കാര്യക്ഷമത വർദ്ധിപ്പിക്കൽ മുതലായവയെ കുറിച്ച് |

| | |
|---|---|
| | പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന്, Indian Institute of Management (IIM), Kozhikode നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>V. വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ കമ്പനിവൽക്കരണ നടപടികൾ പൂർത്തിയായി വരുന്നു. കൂടാതെ, ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിന് ഒരു മാസ്റ്റർ ട്രസ്റ്റ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>VI. സംസ്ഥാന ഗവൺമെന്റ് 31.03.2015 വരെ വൈദ്യുതി ബോർഡിന് സബ്സിഡിയായി നൽകാനുള്ള തുക, സംസ്ഥാന വൈദ്യുതി ബോർഡ്, ഗവൺമെന്റിന് നൽകാനുള്ള ഡ്യൂട്ടിയിനത്തിൽ തട്ടിക്കിഴിച്ചിട്ടുണ്ട്.<br>VII. റെഗുലേറ്ററി കമ്മീഷൻ നിഷ്കർച്ച പ്രകാരം, പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിച്ചും, കൂടാതെ സ്വകാര്യ മേഖലയിലെ പാരമ്പര്യേതര വൈദ്യുതി ഉത്പാദകരിൽ നിന്നും കൂടുതൽ വൈദ്യുതി, കമ്മീഷൻ അംഗീകരിച്ച നിരക്കിൽ വാങ്ങിയും, ഇതിൽ കൂടുതലായി Renewable Purchase Obligation പാലിക്കുന്നതിനു വേണ്ടിയുള്ള വൈദ്യുതി, RECവഴി വാങ്ങിയും നികത്തുന്നതിനാണ്, വൈദ്യുതി ബോർഡ് ലക്ഷ്യമിടുന്നത്. |
| (ഡി) തസ്തികകൾ നിർത്തലാക്കാനോ, തരം താഴ്ത്താനോ, പുനർവിന്യസിക്കാനോ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ | (ഡി) തസ്തികകൾ നിർത്തലാക്കുന്നതിനോ, തരംതാഴ്ത്തുന്നതിനോ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, വൈദ്യുതി ബോർഡിനോട് നിർദ്ദേശിച്ചിട്ടില്ല. എന്നാൽ കമ്പ്യൂട്ടർവൽക്കരണം വിവിധ മേഖലകളിൽ നടപ്പിലാക്കിയതു/നടപ്പാക്കുന്നതുവഴിയുള്ള അധിക തസ്തികകൾ കണ്ടെത്തുകയും, അത് യഥാസമയം പുനർവിന്യസിക്കുകയും ചെയ്യുന്നതിനും, ജീവനക്കാരുടെ |

| | |
|---|---|
| വ്യക്തമാക്കുമോ? | കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉള്ള നിർദ്ദേശങ്ങൾ കമ്മീഷൻ നൽകിയിട്ടുണ്ട്. കൂടാതെ, ജോലി (Task) യുടെ സ്വഭാവം കണക്കിലെടുത്ത് ആവശ്യം വേണ്ട തസ്തികകൾ പുനരവലോകനം നടത്തി, പുനർ വിന്യാസം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന്, കമ്മീഷൻ നിഷ്കർഷിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച നടപടികൾക്കുള്ള നിർദ്ദേശങ്ങൾ Pay Revision Panel ന്റെ Terms of reference-ൽ ഉൾപ്പെടുത്തണമെന്നുള്ള നിർദ്ദേശങ്ങളും കമ്മീഷൻ നൽകിയിട്ടുണ്ട്.<br>കൂടാതെ, നിലവിലുള്ള സാങ്കേതിക വിഭാഗം ജീവനക്കാരുടെ കഴിവുകളും സേവനങ്ങളും, വരുമാന യോഗ്യമായ പുറമേയുള്ള പദ്ധതികൾക്കും, പരിപാടികൾക്കും, വിദഗ്ധാഭിപ്രായം നൽകുന്നതിനും, പുറം കരാറുകളുടെ നിർവ്വഹണത്തിനും ഉപയോഗപ്പെട്ടുത്തുവാനുള്ള സാധ്യതകൾ ആരായുന്നതിനുള്ള നിർദ്ദേശങ്ങളുണ്ട് റെഗുലേറ്ററി കമ്മീഷൻ നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ